കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണം ശമ്പള നിർണയത്തിനു വേണ്ടി സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി കണക്കാക്കണമെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (സി) വകുപ്പ്

സ.ഉ.(സാധാ)നമ്പർ.553/2012/സഹ. തീയതി, തിരുവനന്തപുരം, 11.10.2012.

---

പരാമർശം:- (1) 23.08.2005-ലെ സ.ഉ.(പി) 220/05/സഹ നമ്പർ സർക്കാർ ഉത്തരവ്.

(2) 11.01.2007-ലെ 11460/സി3/06/സഹ നമ്പർ സർക്കാർ കത്ത്.

(3) W.P(C)No.27705/2007 മേൽ ബഹു. ഹൈക്കോടതിയുടെ 21.02.2012-ലെ വിധി.

ഉത്തരവ്

പരാമർശം (1) പ്രകാരം പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ പുതുക്കിയ നിരക്കിലെ ശമ്പള നിർണ്ണയത്തിന് വേണ്ടി അടിസ്ഥാന ശമ്പളമായി കണക്കാക്കേണ്ടതില്ല എന്ന് സഹകരണ സംഘം രജിസ്ട്രാറെ അറിയിച്ചിരുന്നു. പരാമർശം (3) ലെ ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ തീരുമാനം പുനഃപരിശോധിക്കുകയും പരാമർശം ഒന്നിലെ പുതുക്കിയ നിരക്കിലെ ശമ്പള നിർണ്ണയത്തിനു വേണ്ടി സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു. പരാമർശം മൂന്നിലെ കോടതിവിധി ഇപ്രകാരം നടപ്പാക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. വി.എം. ഗോപാലമേനോൻ**
**ഗവൺമെന്റ് സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ജനറൽ സെക്രട്ടറി, കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ട്, സംഗമം, MBRRA-70, മാതൃഭൂമിറോഡ്, തിരുവനന്തപുരം - 695 001.
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ